പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.241

07/02/2018 -ൽ മറുപടിയ്ക്ക്

## ഓൺലൈൻ ബിരുദങ്ങൾക്ക് അംഗീകാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. അൻവർ സാദത്ത് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) രാജ്യത്ത് വിവിധ വിഷയങ്ങളിൽ ഓൺലൈൻ ബിരുദങ്ങൾക്ക് അംഗീകാരം നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്. രാജ്യത്ത് ഓൺലൈൻ ബിരുദകോഴ്സുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി (ഓൺലൈൻ എഡ്യുക്കേഷൻ ) റെഗുലേഷൻ 2017ന്റെ കരട് രൂപം 19.07.17ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഈ തീരുമാനം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) സാങ്കേതിക വിദ്യയിൽ മാത്രം അധിഷ്ഠിതമായതും, അദ്ധ്യാപകരെ മാറ്റി നിർത്തിക്കൊണ്ടുമുള്ളതുമായ പഠന പ്രക്രിയ വിദ്യാഭ്യാസത്തിന്റെ ഗുണത്തെ ബാധിക്കുന്നതാണ്.

(സി) പ്രസ്തുത തീരുമാനം യൂണിവേഴ്സിറ്റികൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളെ സാരമായി ബാധിക്കുമോ;

(സി) ഇതു സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

(ഡി) കേന്ദ്ര സർക്കാരിന്റെ തീരുമാനം വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിനും വിദ്യാഭ്യാസ കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും മാത്രമെ സഹായകരമാകു എന്നതിനാൽ ഈ നിർദ്ദേശത്തെ സർക്കാർ എതിർക്കുമോ; വിശദാംശം നല്കുമോ?

(ഡി) കരട് റെഗുലേഷൻ സർക്കാർ പരിശോധിച്ചു വരികയാണ്. വിദ്യാഭ്യാസ വാണിജ്യവത്കരണം ലക്ഷ്യമിട്ടുള്ള ഏതു ശ്രമത്തേയും എതിർക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ